ശ്രീപത്മനാഭസ്വാമിക്ഷേത്ര സ്വത്തുക്കളുടെ പാട്ടംപിരിവു്

* 754. [38] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവും റവന്യൂവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീപത്മനാഭസ്വാമിക്ഷേത്ര സ്വത്തുക്കളുടെ പാട്ടം പിരിവു് റവന്യൂവകുപ്പു് മുഖാന്തിരമാണോ നടത്തുന്നതു് ;

(ബി) ക്ഷേത്രസ്വത്തുക്കളിൽനിന്നു് കൊല്ലത്താലുള്ള വരുമാനം എത്ര;

(സി) വരുമാനക്കടിശ്ശിക ഇപ്പോൾ എത്ര പിരിഞ്ഞുകിട്ടാനുണ്ടു് ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) അല്ല; ശ്രീ പത്മനാഭസ്വാമിക്ഷേത്ര സ്വത്തുക്കളുടെ പാട്ടം പിരിവു് തിരുവനന്തപുരം ഡിസ്ട്രിക്റ്റു് കളക്ടറുടെ മേൽനോട്ടത്തിലും കന്യാകുമാരി ഡിസ്ട്രിക്റ്റിലുള്ള വസ്തുക്കളുടെ പാട്ടം തക്കല സങ്കേതം തഹശീൽദാരും, തിരുവനന്തപുരം ഡിസ്ട്രിക്റ്റിലുള്ള വസ്തുക്കളുടെ പാട്ടം തിരുവനന്തപുരം മേൽക്കങ്ങാണം തഹശീൽദാരുമാണു് നടത്തുന്നതു്.

(ബി) കന്യാകുമാരി ഡിസ്ട്രിക്റ്റിലുള്ള ക്ഷേത്ര സ്വത്തുക്കളിൽനിന്നു ഉദ്ദേശം 1 20,321 രൂപ 90 നയാപൈസയും തിരുവനന്തപുരം ഡിസ്ട്രിക്റ്റിലുള്ള ക്ഷേത്ര സ്വത്തുക്കളിൽനിന്നു് 96,677 രൂപ 33 നയാപൈസയും വരുമാനം ഉണ്ടു്.

(സി) പഴയ കുടിശ്ശികയിനത്തിൽ ഫെബ്രുവരി മാസം അവസാനം 6,03,956 രൂപ 20 നയാപൈസ കന്യാകുമാരി ഡിസ്ട്രിക്റ്റിലും 33,196 രൂപ 20 നയാപൈസ തിരുവനന്തപുരം ഡിസ്ട്രിക്റ്റിലും, പുതുതായി ഇനത്തിൽ 82,077 രൂപ 15 നയാപൈസ കന്യാകുമാരി ഡിസ്ട്രിക്റ്റിലും 22,991 രൂപ 21 നയാപൈസ തിരുവനന്തപുരം ഡിസ്ട്രിക്റ്റിലും ബാക്കി പിരിയാനുണ്ടു്.

അഗ്രിക്കൾച്ചറൽ പ്രൊഡക്ഷനു് ചെലവായ സംഖ്യ

* 755. [39] ശ്രീ. കെ. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാടു് ജില്ലയിൽ ഈ സാമ്പത്തികവർഷത്തിൽ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻപരിപാടിക്കു് ഡിസംബർ 31–ാം തീയതിവരെ ചെലവായ സംഖ്യ എത്ര ;

(ബി) ഇതു് ആകെ നീക്കിവച്ചിട്ടുള്ള സംഖ്യയുടെ എത്ര ശതമാനമാണു് ;

(സി) ബാക്കി സംഖ്യ ഈ വർഷത്തിൽത്തന്നെ ചെലവാക്കുമോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തു് ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) 6,30,210 രൂപ.

(ബി) 30·33 ശതമാനം.

(സി) മഴവൻ തുകയും ചെലവാകുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly